# വീണ്ടുമൊരു ഭ്രാന്താലയം

**വാസുദേവ് പുളിക്കൽ**

ഇതൊരു ഭാന്താലയമെന്ന് കേരളത്തിന്
വിവേകാനാന്ദസ്വാമികൾ പേരിട്ടപ്പോൾ
സ്വാമികൾ കണ്ട ഭ്രാന്ത് മുളപൊട്ടിയത്
ജാതീയതയുടെ ജീർണ്ണതയിൽ നിന്ന്.
അതിനിന്നേതാണ്ടറുതി വന്നെങ്കിലും
വ്യത്യസ്ഥമാം ഭാവപ്പകർച്ചയിൽ
കേരളമിന്നുമൊരു ഭ്രാന്താലയം

മനുഷ്യർക്കൊപ്പം വിഗ്രഹങ്ങളും രംഗത്ത്.
മതമില്ലാവിശ്വാസികളാം പാർട്ടിക്കാരെ
എന്തിനീ കാപട്യത്തിൻ മുഖം മൂടി
ആൾദൈവങ്ങളെയാരാധിക്കുന്നല്ലോ നിങ്ങളും.
ആറ്റിറമ്പിലെ വറും പാറക്കല്ലുകളല്ല ഞങ്ങൾ
ശിൽപ്പിയുടെ കരവിരുതിൻ സുന്ദര രൂപം.
താന്ത്രികമാം പൂജാവിധാനത്തിൻ നടുവിൽ
മിന്നും നെയ്‌വിളക്കുകളുടെ പ്രഭയിൽ
ബ്രാഹ്മണർ തൻ മന്ത്രോച്ചാരണത്താൽ
ഈശ്വരീയപ്രസരമുള്ള വിഗ്രഹങ്ങൾ ഞങ്ങൾ.
മുന്നിൽ കൈ കൂപ്പി നിൽക്കും നിങ്ങളെ
അനുഗ്രഹിക്കും ദിവ്യചൈതന്യം ഞങ്ങൾ.
വലിച്ചെറിയല്ലേ ഞങ്ങളെ പെരുവഴിയിൽ
ചവിട്ടിക്കൂട്ടാനായ് അവിശ്വാസികൾക്ക്.
വിഗ്രഹങ്ങളുടെ പരിദേവനം കേൾക്കാതെ
എടുത്തെറിയുന്നു വിഗ്രഹങ്ങളെ ചിലർ
വിഗ്രഹങ്ങളിൽ കാൽ തട്ടി വീഴുന്നു ചിലർ
പൂർവ്വസ്ഥിതിയിൽ പ്രതിഷ്ഠിക്കാനായ്
മുണ്ടിൽ പൊതിഞ്ഞതെടുക്കുന്നു ചിലർ.

രാഷ്ട്രീയവൽക്കരിക്കപ്പെടുന്നു സംഘടന
പൊരുതുന്നു കുടുംബം സ്വനേട്ടത്തിനായ്.
ആദർശം വീറോടെ പ്രസംഗിക്കുന്നതും
ലംഘിക്കുന്നതും സ്ഥിരതയില്ലാത്തോർ.
നവോത്ഥാന സന്ദേശവുമായ് വനിതാമതിൽ
അതിൻ പിന്നിൽ പീഡനത്തിൻ വേദന.
സ്ത്രീകളലറുന്നു, കരയുന്നു, ഓടുന്നു
നടുറോഡിലൂടെ, കാനനപ്പാതയിലൂടെ.
ഭ്രാന്തചിത്തരായോടുന്നു ജനം നാലുപാടും.

മുഖം മറച്ച് രണ്ടു പേർ സന്നിധാനത്തിൽ
മുഖം മൂടിക്കകത്ത് സ്ത്രീയോ പുരുഷനോ?

സ്ത്രീകളെന്ന് സർക്കാരും പോലീസുകാരും
ആ സ്ത്രീകളോടിയൊളിക്കുന്നു ജീവരക്ഷക്കായ്
എങ്ങും സംഘർഷവും കൊല്ലും കൊലയും.
ദൈവത്തിൻ നാട് സാത്താന് വഴിമാറുന്നു
വിജയകാഹളം മുഴുക്കുന്നു സർക്കാർ.
ശുദ്ധികലശത്തിനായ് നടയടക്കുന്ന തന്ത്രി
പുത്തരിയല്ല ക്ഷേത്രങ്ങളിൽ ശുദ്ധികലശം
രോഗം മാറി ശരീരം ശക്തിയാർജ്ജിക്കും പോൽ
ശുദ്ധികലശത്താൽ ക്ഷേത്രം വീണ്ടും പവിത്രം
ആചാരം ലംഘിച്ചതർത്ഥശൂന്യമായെന്ന് ഭക്തർ.
മാനിക്കയില്ല വിധിയെന്നവരാണയിടുമ്പോൾ
വെല്ലു വിളിക്കപ്പെടുന്നു നിയമസംവിധാനം.
ജീവിത താൽപര്യങ്ങളെ ഉപസംഹരിച്ച്
തിരോധാനം ചെയ്ത സീതയെ പോൽ
അപ്രത്യക്ഷമാകുന്നു നീതിന്യായങ്ങൾ.
വ്യഥിതമാനസരായ് നോക്കി നിൽപ്പൂ
നിയമം മാനിക്കും രാജ്യസ്നേഹികൾ.

ഭ്രാന്തന്മാർ തൻ ആലയം ഭ്രാന്താലയം
കേരളമീ പേരിന്നർഹത നേടുന്നു വീണ്ടും.